# പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2828 | 13.03.2020-ലെ മറുപടിയ്ക്ക് |
|---|---|

**റവന്യൂ വകുപ്പിന് നൽകേണ്ട കണ്ടിജൻസി ചാർജ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സജി ചെറിയാൻ | ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | എൽ.എ.ആർ.ആർ. ആക്ട് 2013 പ്രകാരം പദ്ധതികൾക്കായി സ്ഥലം ഏറ്റെടുക്കുമ്പോൾ റവന്യൂ വകുപ്പിന് നൽകേണ്ട കണ്ടിജൻസി ചാർജ് ലഭിക്കുവാൻ വൈകുന്നതിനാൽ സ്ഥലം ഏറ്റെടുപ്പ് നടപടിക്രമങ്ങൾ വൈകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പൊതു ആവശ്യങ്ങൾക്ക് സ്ഥലം ഏറ്റെടുക്കുമ്പോൾ കണ്ടിജൻസി ചാർജ് മറ്റ് വകുപ്പുകളിൽ നിന്ന് ലഭിക്കുവാൻ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | പൊതു ആവശ്യങ്ങൾക്ക് സ്ഥലം ഏറ്റെടുക്കുമ്പോൾ 2015-ലെ എൽ.എ.ആർ.ആർ ഉപചട്ടം 3 ചട്ടം 4 പ്രകാരം 5% കണ്ടിജൻസി ചാർജ്ജ് അർത്ഥനാധികാരി/ഭരണവകുപ്പ് TSB അക്കൗണ്ടിൽ കെട്ടിവച്ചതിനു ശേഷം മാത്രമേ റവന്യൂ വകുപ്പ് സ്ഥലമേറ്റെടുക്കൽ നടപടികൾ സ്വീകരിക്കുകയുള്ളൂ. കണ്ടിജൻസി ചാർജ്ജ് ലഭിക്കുവാനുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട അർത്ഥനാധികാരി/ഭരണവകുപ്പ് സ്വീകരിക്കേണ്ടതാണ്. |
| (സി) | ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ കൈപ്പാലകടവ്, മഠത്തിൽകടവ് പാലങ്ങൾക്ക് ആവശ്യമായ സ്ഥലം വിട്ടു തരുവാൻ ഗുണഭോക്താക്കൾ തയ്യാറായതിനാൽ ഡയറക്ട് പർച്ചയിസ് മുഖേന ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | **കൈപ്പാലക്കടവ് പാലം**<br>ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ വില്ലേജിൽ ഉൾപ്പെട്ട 100 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതി 18/05/2019-ലെ സ.ഉ(സാധാ) നം.1143/2019/റവ പ്രകാരം ലഭ്യമായിട്ടുള്ളതും എസ്.ഐ.എ പഠനം നടത്തുന്നതിന് ശ്രീമതി പ്രിൻസി ജേക്കബ്, എറണാകുളം-ന്റെ നേതൃത്വത്തിലുള്ള ഏജൻസിയെ നിശ്ചയിച്ചിട്ടുള്ളതാണ്. കണ്ടിജൻസി ചാർജ്ജായി നിശ്ചയിച്ചു നൽകിയിരുന്ന തുക അർത്ഥനാധികാരിയായ ആലപ്പുഴ പൊതുമരാമത്ത് പാലങ്ങൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ നാളിതുവരെ ലാന്റ് അക്വിസിഷൻ ഓഫീസർക്ക് ഡിപ്പോസിറ്റ് ചെയ്ത് നൽകിയിട്ടില്ലാത്തതിനാൽ എസ്.ഐ.എ |

| | | | |
|---|---|---|---|
| | | | ഏജൻസിയെ പഠനം നടത്തുന്നതിന് ചുമതല പ്പെടുത്തിക്കൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കാൻ കഴിഞ്ഞിട്ടില്ലാത്തതാണ്. ഭൂവുടമകളുടെ സമ്മത പത്രം സഹിതം ജില്ലാകളക്ടർ പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ഡയറക്ട് പർച്ചേസ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.<br><br>**<u>മഠത്തിൽകടവ് പാലം</u>**<br><br>26.02.2020-ലെ സ.ഉ(സാധാ)849/2020/റവ നമ്പർ പ്രകാരം മഠത്തിൽകടവ് പാലം നിർമ്മാണത്തി നാവശ്യമായ ഭൂമി എൽ.എ.ആർ.ആർ.ആക്ട്, 2013 പ്രകാരം ഏറ്റെടുക്കുന്നതിന് ഉത്തരവായി ട്ടുള്ളതാണ്. ഭൂവുടമകളുടെ സമ്മതപത്രം സഹിതം ജില്ലാകളക്ടർ പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ഡയറക്ട് പർച്ചേസ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ